◆

ഡോ. അഹ്മദ് ബാവപ്പ / സ്വദ്റുദ്ദീൻ വാഴക്കാട്

# 'ജൈവകൃഷി പ്രോത്സാഹിപ്പിക്കുക'



***പ്രശസ്ത കൃഷി ശാസ്ത്രജ്ഞൻ ഡോ. അഹ്മദ് ബാവപ്പ** പ്രബോധനത്തോട് സംസാരിക്കുന്നു.*

*കമുങ്ങിലെ രണ്ട് വ്യത്യസ്ത ജനുസ്സുകളെ സംയോജിപ്പിക്കുന്നതിനെ കുറിച്ച ഗവേഷണത്തിന് ഡോക്ടറേറ്റ് നേടിയ ഡോ. അഹ്മദ് ബാവപ്പ 1977 മുതൽ 1982 വരെ ശ്രീലങ്കയിൽ എഫ്.എ.ഒയുടെ സ്പൈസസ് എക്സ്പെർട്ടായും 1987-1991 കാലത്ത് വിയറ്റ്നാമിലെ എഫ്.എ.ഒ പ്രോജക്ടിന്റെ ചീഫ് ടെക്നിക്കൽ അഡ്വൈസറായും സേവനമനുഷ്ഠിച്ചു.*

*മദ്രാസ് യൂനിവേഴ്സിറ്റിയിൽനിന്ന് അഞ്ച് സ്വർണമെഡലുകൾ, 1982-ലെ എഫ്.എ.ഒ അവാർഡ്, 1988-ലും 1996-ലും ഡോ. സി.എസ് വെങ്കിട്ടരാമൻ അവാർഡ്, 1991-ലെ പ്ലാറ്റിനം ജൂബിലി അവാർഡ്, ഇന്ത്യൻ ജേസീസിന്റെ 2004-ലെ അച്ചീവർ അവാർഡ്, വേൾഡ് ഇക്കണോമിക് കൗൺസിലിന്റെ 2005-ലെ ഇന്റർനാഷനൽ ഗോൾഡ് സ്റ്റാർ മില്ലേനിയം അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ച ഡോ. ബാവപ്പ കാർഷിക വിഷയങ്ങളിലുള്ള അഞ്ച് ഗ്രന്ഥങ്ങളുടെയും 175-ഓളം പ്രബന്ധങ്ങളുടെയും രചയിതാവാണ്. ഒട്ടേറെ കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ ചെയർമാനും ഉപദേഷ്ടാവുമായി പ്രവർത്തിച്ച അദ്ദേഹം ആസ്ത്രേലിയ, ഇന്തോനേഷ്യ, ജമൈക്ക, ഫിജി, മാലദ്വീപ്, ശ്രീലങ്ക, വിയറ്റ്നാം, താൻസാനിയ, തായ്ലന്റ് തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഇപ്പോഴും നിരവധി സ്ഥാപനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. 77-ാം വയസ്സിലും കർമനിരതനായ അദ്ദേഹം സ്വന്തമായി കൃഷിയും നടത്തുന്നു.*

*ഡോ. അഹ്മദ് ബാവപ്പ കാർഷിക ഗവേഷകൻ മാത്രമല്ല, അറിയപ്പെടുന്ന വിദ്യാഭ്യാസ പ്രവർത്തകൻ കൂടിയാണ്. പാലക്കാട് ജില്ലയിലെ കപ്പൂരിലുള്ള ദാറുൽ ഉലൂം ഇസ്ലാമിക് കൾച്ചറൽ സെന്ററിന്റെ സ്ഥാപക പ്രസിഡന്റും ഇസ്ലാമിക് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റിന്റെ സ്ഥാപക ചെയർമാനുമാണ് അദ്ദേഹം. രാമനാട്ടുകരക്കടുത്ത വാഴയൂരിലെ 'സാഫി'യുടെ സെക്രട്ടറിയായിരുന്നു ആറുവർഷം. ഇംഗ്ലീഷ് മീഡിയം സ്കൂൾ വിദ്യാർഥികൾക്ക് ഇസ്ലാമിക വിഷയങ്ങൾ പഠിപ്പിക്കാൻ ഇംഗ്ലീഷിൽ ആറ് പുസ്തകങ്ങൾ രചിച്ച അദ്ദേഹം നമസ്കാരം പ്രായോഗികമായി പഠിപ്പിക്കാൻ സഹായകമാകുന്ന സി.ഡിയും പുറത്തിറക്കിയിട്ടുണ്ട്.*

■ *കുടുംബം, വിദ്യാഭ്യാസം?*

പാലക്കാട് ജില്ലയിലെ കുമരനല്ലൂർ ഗ്രാമത്തിൽ 1930-ലാണ് എന്റെ ജനനം. വട്ടംകുളത്ത് സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു പിതാവ്. കുമരനല്ലൂർ ഹൈസ്കൂളിൽനിന്ന് സ്കൂൾ പഠനം പൂർത്തിയാക്കിയ ശേഷം മദ്രാസ് മുസ്ലിംകോളേജിൽ ഇന്റർമീഡിയറ്റിന് ചേർന്നു. ജനറൽ സയൻസാണ് പഠിച്ചത്. ഈയിടെ അന്തരിച്ച പ്രഫ. വി. മുഹമ്മദ് സാഹിബ് എന്റെ സീനിയറായി അവിടെ പഠിച്ചിരുന്നു. 1948 മുതൽ 1951 വരെ കോയമ്പത്തൂർ കാർഷിക കോളേജിൽ പഠിച്ചു. മദ്രാസ് സർവകലാശാലയിൽനിന്ന് ഒന്നാം റാങ്കോടെ ഡിഗ്രി പാസ്സായി. കോഴ്സ് കഴിഞ്ഞ ഉടനെ പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രത്തിൽ നിയമനം ലഭിച്ചു. അവിടെ മൂന്ന് വർഷം പ്രവർത്തിച്ചു. പിന്നീട് മംഗലാപുരം, തഞ്ചാവൂരിനടുത്ത ആടുതുറൈ എന്നിവിടങ്ങളിലും ജോലി ചെയ്തു. പിന്നീട് പ്ലാന്റേഷൻ രംഗത്തേക്ക് തിരിഞ്ഞു. 1956-ൽ ദക്ഷിണ കന്നട വിറ്റലിലെ കമുങ്ങ് ഗവേഷണ കേന്ദ്രത്തിൽ ശാസ്ത്രജ്ഞനായി പ്രവർത്തനമാരംഭിച്ചു. 14 വർഷം അവിടെ സേവനമനുഷ്ഠിച്ചു. 1961-'63 കാലയളവിൽ കോയമ്പത്തൂർ കാർഷിക കോളേജിൽനിന്ന് എം.എസ്.സി കരസ്ഥമാക്കി. 1973-ൽ മൈസൂർ യൂനിവേഴ്സിറ്റിയിൽനിന്ന് പി.എച്ച്.ഡി എടുത്തു.

■ *കാർഷിക ഗവേഷണ മേഖല തെരഞ്ഞെടുക്കാനുണ്ടായ കാരണം?*

ഞങ്ങളുടെ നാട് ധാരാളം കൃഷിയുള്ള പ്രദേശമായിരുന്നു. എന്റെ കുടുംബത്തിനും കൃഷിയുണ്ടായിരുന്നു. ചെറുപ്പത്തിൽതന്നെ വയലുകളിൽ പോവുകയും കൃഷി കാണുകയും അറിയുകയും ചെയ്തിരുന്നു. നെൽകൃഷിയാണ് അന്ന് അധികമുണ്ടായിരുന്നത്. ഇതൊക്കെ കൃഷിയിലേക്ക് തിരിയാൻ പ്രേരിപ്പിച്ചു.

എനിക്ക് അല്ലാഹു നിശ്ചയിച്ച വഴി ഇതായിരുന്നു എന്നതാണ് ഏറ്റവും പ്രധാനമായി ഞാൻ കാണുന്നത്. പിന്നീടാണ്, ഇസ്ലാം കൃഷിക്കു നൽകിയ പ്രാധാന്യത്തെയും പ്രോത്സാഹനത്തെയും കുറിച്ചെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞത്.

മനുഷ്യജീവിതത്തിന്റെ അടിത്തറയാണ് കൃഷി. അതവന്റെ നിലനിൽപിന് അത്യന്താപേക്ഷിതമായ ഘടകമാണ്. അതുകൊണ്ട് മനുഷ്യചരിത്രത്തിന്റെ തുടക്കം മുതലേ കൃഷി ഉണ്ടായിരുന്നു. നമുക്കാവശ്യമായ പരിസ്ഥിതിയുടെ നിലനിൽപും കൃഷിയെയും സസ്യങ്ങളെയും ആശ്രയിച്ചാണ്.

പ്രപഞ്ചത്തിൽ മനുഷ്യനും മറ്റു ജീവികളും നിലനിൽക്കണമെങ്കിൽ സസ്യങ്ങൾ നിർബന്ധമാണ്. ഭക്ഷണം മാത്രമല്ല, ഓക്സിജനും ഉണ്ടാകുന്നത് സസ്യങ്ങളിൽനിന്നാണ്. പരിസ്ഥിതിയുടെയും മനുഷ്യന്റെയും മറ്റെല്ലാ ജീവജാലങ്ങളുടെയും നിലനിൽപിന്റെ അടിസ്ഥാനഘടകമായതുകൊണ്ടായിരിക്കണം ഇസ്ലാം കൃഷിക്ക് വലിയ പ്രോത്സാഹനം നൽകിയത്. ഒരാൾ ഒരു മരം നട്ടാൽ അതിന്റെ കായ പക്ഷികളാണ് ഭക്ഷിക്കുന്നതെങ്കിൽപോലും നട്ടയാൾക്ക് പ്രതിഫലമുണ്ടാകുമെന്നും ഖിയാമത്ത് നാൾ എത്തി എന്നുറപ്പുവന്നാലും കൈയിൽ ഒരു ചെടിയുണ്ടെങ്കിൽ അത് നടണമെന്നുമുള്ള നബിവചനങ്ങൾ ഇത് സൂചിപ്പിക്കുന്നു.

■ *കാർഷികമേഖല ഇന്ന് നേരിടുന്ന പ്രതിസന്ധികൾക്ക് കാരണം?*

കാർഷിക മേഖലയിലെ പ്രതിസന്ധികൾക്ക് പലകാരണങ്ങളുണ്ട്. നമ്മുടെ നാട്ടിൽ മാത്രമല്ല, എല്ലാ രാജ്യങ്ങളി

ലും കൃഷിയുണ്ട്. പലയിടങ്ങളിലും നമ്മ ളേക്കാൾ മെച്ചപ്പെട്ട രീതിയിൽ കൃഷി നട ക്കുന്നു. അത്തരം പല രാജ്യങ്ങളും കാർ ഷിക മേഖലയെ ശക്തമായി ചൂഷണം ചെയ്യുന്നു. വികസിത രാജ്യങ്ങൾ ഈ ചൂ ഷണത്തിന്റെ മുമ്പിൽ നിൽക്കുന്നു. കു ത്തകരാഷ്ട്രങ്ങൾ അവർക്ക് സഹായക രമാകുന്ന അസോസിയേഷനുകളും നിയ മങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഉൽപാദനം, ഇറക്കുമതി, കയറ്റുമതി തുട ങ്ങിയവയുമായി ബന്ധപ്പെട്ട് അവരുണ്ടാ ക്കുന്ന നിയമങ്ങൾ നമ്മെപ്പോലുള്ള രാ ജ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന വയാണ്. ഡബ്ലിയു.ടി.ഒയും മറ്റുമായുള്ള കരാറുകളുടെ അടിസ്ഥാനത്തിലുള്ള ക യറ്റിറക്കുമതി നയങ്ങൾ നാം നേരിടുന്ന വലിയൊരു പ്രശ്നമാണ്. ചെലവുകുറ ഞ്ഞ ഉൽപാദനം നടത്തുന്ന രാജ്യങ്ങൾ വിലകുറച്ച് വസ്തുക്കൾ കയറ്റുമതി ചെ യ്യുന്നു. അതിനുമുമ്പിൽ പിടിച്ചുനിൽ ക്കാൻ നമുക്ക് കഴിയുന്നില്ല.

മറ്റൊരു പ്രധാന പ്രശ്നം കാർഷി ക മേഖലയിൽ വേണ്ടത്ര ജോലിക്കാരെ ലഭിക്കുന്നില്ല എന്നതാണ്. മനുഷ്യവിഭവ ലഭ്യത ഏതു മേഖലയുടെയും വളർച്ചക്ക് അനിവാര്യമാണ്. ഇവിടെ കാർഷിക വൃ ത്തിയിൽ താൽപര്യമുള്ള ആളുകൾ കുറ ഞ്ഞുവരുന്നു. ചെറുപ്പക്കാരിൽ നല്ലൊരു ശതമാനം ഗൾഫിൽ ജോലി തേടി പോ യിരിക്കുന്നു. ചെറിയൊരു ശതമാനമേ ഇ വിടെയുള്ളൂ. അവർക്ക് കൃഷി മാന്യമാ യൊരു തൊഴിലായി തോന്നുന്നില്ല. അതു കൊണ്ട് അത് പഠിക്കാനോ കൃഷിയിലേ ർപ്പെടാനോ അവർ സന്നദ്ധരാകുന്നില്ല. മൂന്നാമത്തെ പ്രശ്നം, നമ്മുടെ സാഹച ര്യമനുസരിച്ച് ചെലവ് കൂടുതലും വരവ് കുറവുമാണ്. സാമ്പത്തികമായി കൃഷി ലാഭകരമല്ലാതാകുന്ന അവസ്ഥയുണ്ട്. ഒ രു തേങ്ങക്ക് മൂന്ന് രൂപ ഉൽപാദന ചെ ലവ് വരുമ്പോൾ, വിൽപനയിലൂടെ കിട്ടു ന്നത് 3.50/4.00 രൂപയായിരിക്കും. കാലാ വസ്ഥാ വ്യതിയാനവും കൃഷിയെ പ്രതി കൂലമായി ബാധിക്കുന്ന ഘടകമാണ്.

■ *പ്രശ്നങ്ങൾ എങ്ങനെ മറികടക്കും?*

എളുപ്പത്തിൽ അതിജീവിക്കാവുന്ന തല്ല ഈ പ്രശ്നങ്ങൾ. മനുഷ്യശേഷിയു ടെ(manpower) ദൗർലഭ്യം മറികടക്കാവു ന്ന, കുറഞ്ഞ ചെലവിൽ ഉൽപാദനം സാ ധിക്കാവുന്ന രീതികളെ കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. കാർഷിക മേഖലയിൽ സാങ്കേതികവിദ്യ കൂടുതൽ ഉപയോഗി ക്കുകയെന്നതാണിതിന്റെ ഒരു മാർഗം.

1970-കളിൽ ഗവേഷണം നടത്തു മ്പോൾ, കൂടുതൽ മനുഷ്യ പ്രവൃത്തിദിന ങ്ങൾ ഉണ്ടാക്കാൻ കഴിവുള്ള കൃഷിസ മ്പ്രദായം എന്നതായിരുന്നു ചിന്തയും സ മീപനവും. പക്ഷേ, കഴിഞ്ഞ 30 വർഷ ത്തിനിടെ നമ്മുടെ സാമൂഹികഘടന ആ കെ മാറിയിരിക്കുന്നു. ഇന്ന് വ്യക്തികളെ കിട്ടുന്നില്ല. അതുകൊണ്ട് മാൻപവർ ഉപ യോഗിക്കുന്നതിലേറെ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനെക്കുറിച്ച് നാം ചി ന്തിക്കണം. നെൽകൃഷിയുടെ വിഷയമെ ടുത്താൽ, നിലം ഉഴുതാനും ഞാറ് ന ടാനും കൊയ്യാനും മെതിക്കാനുമെല്ലാം യന്ത്രങ്ങളുണ്ട്. അവ ഉപയോഗിക്കണം. തെങ്ങിൽനിന്ന് നാളികേരമിടുന്നതും ഇ തുപോലെത്തന്നെ. ശ്രീലങ്കയിൽ പോ യാൽ നാം അത്ഭുതപ്പെടും; അവിടെ ആ രും തെങ്ങിൽ കയറുന്നില്ല. തോട്ടികൊ ണ്ടാണ് നാളികേരമിടുന്നത്. ഫൈബർഗ്ലാ സിന്റെ വലിയ തോട്ടി ഇപ്പോഴുണ്ട്. 40/ 50 അടി ഉയരമുള്ള തെങ്ങിൽനിന്ന് ഇതു കൊണ്ട് തേങ്ങയിടാനാകും. ഈ രീതി യൊന്നും നാം ഉപയോഗിക്കുന്നില്ല. നാം, തേങ്ങയിടാൻ ആളെകിട്ടുന്നില്ല എന്ന് പ രാതിപറയുക മാത്രമാണ് ചെയ്യുന്നത്. ഈ സ്വഭാവം മാറുകയും പുതിയ രീതികൾ കണ്ടെത്തുകയും വേണം. പല രാജ്യങ്ങ ളിലും ഉൽപാദനച്ചെലവ് നമ്മേക്കാൾ കുറവാണ്. ഉദാഹരണമായി വിയറ്റ്നാ മിലെ കുരുമുളക് കൃഷി. അവിടെനിന്ന് കുറഞ്ഞ വിലയ്ക്ക് കുരുമുളക് ഇറക്കു മതി ചെയ്യപ്പെടുമ്പോൾ പിടിച്ചുനിൽക്കാൻ നമ്മുടെ കുരുമുളക് കർഷകർക്കാവില്ല. മറ്റൊന്ന്, ഉൽപന്നങ്ങളുടെ വിലവർധിപ്പി ക്കാനുള്ള വഴികൾ നാം പലപ്പോഴും സ്വീകരിക്കുന്നില്ല. ഉദാഹരണമായി നാളി കേരം നാം പറിച്ചു വിൽക്കും. കൊപ്ര യുണ്ടാക്കുന്നത് കുറവാണ്. നാളികേരം കൊപ്രയാക്കി മാറ്റിയിട്ടാണ് വിൽക്കുന്ന തെങ്കിൽ 20 ശതമാനം വില കൂടുതൽ കിട്ടും. അത് ചിപ്സാക്കിയാൽ 100 ശത മാനം കൂടുതൽ വിലകിട്ടും. ഇത്തരം രീതി കൾ കണ്ടെത്തണം.

■ *നമ്മുടെ വികസന സങ്കൽപം മാറി യതാണ് പ്രശ്നമെന്ന് തോന്നുന്നു.*

മണ്ണും വെള്ളവും സംരക്ഷിക്കാ ത്ത വികസനം അപകടകരമാണ്. മണ്ണും ജലവും സംരക്ഷിക്കലാണ് പ്രധാനം, അതാണ് വികസനം. കൃഷിഭൂമി നിലനിർ ത്തണം. മണ്ണിൽ ഫലഭൂയിഷ്ഠതയും നി ലനിൽക്കണം. മരങ്ങളെല്ലാം വെട്ടിനശി പ്പിക്കുന്നതോടെ സംഭവിക്കുന്നത് ഇതി ന്റെയെല്ലാം നാശമാണ്. ഇന്ന് മണ്ണും വെ ള്ളവും സംരക്ഷിക്കപ്പെടുന്നില്ല. ഇവിടെ പെയ്യുന്ന മഴയെല്ലാം ഒരു മണിക്കൂർ കൊ ണ്ട് അറബിക്കടലിലെത്തുകയാണ്. വെ ള്ളം മാത്രമല്ല, മണ്ണിലെ പോഷകാംശങ്ങ ളും ഒഴുകിപ്പോകുന്നു.

മുപ്പത് ശതമാനം വെള്ളം നമുക്ക് മണ്ണിൽ സംരക്ഷിച്ചു നിർത്താൻ കഴിയും. പക്ഷേ, ഇപ്പോൾ നിർത്താനാകുന്നത് 5% മാത്രമാണ്. അതുകൊണ്ട് ഇവിടെ വരൾ ച്ച അനിവാര്യമായിത്തീരുന്നു. യഥാർഥ ത്തിൽ കേരളത്തിൽ വരൾച്ചയുണ്ടാകാൻ പാടില്ല. ലോകത്ത് ഏറ്റവുമധികം മഴ ലഭി ക്കുന്ന പ്രദേശമാണ് കേരളം. ഈ മഴവെ ള്ളം ഭൂമിക്കടിയിലേക്ക് ഇറക്കിവിടണം. പക്ഷേ, നമ്മുടെ നാട്ടിൽ അത് നടക്കു ന്നില്ല. മുറ്റം മുഴുവൻ കോൺക്രീറ്റ് ഇട്ടും ഇന്റർലോക്കിംഗ് കട്ടകൾ വിരിച്ചും നാം വെള്ളത്തിന്റെ ഭൂമിക്കടിയിലേക്കുള്ള ഒഴു ക്കിന് തടയിടുന്നു. ഇതൊഴിവാക്കണം. മുറ്റത്ത് ചരലിട്ട് മണ്ണിനടിയിലേക്ക് വെള്ള ത്തിന് ഇറങ്ങിപ്പോകാൻ വഴിയുണ്ടാക്ക ണം. കുന്നുകളിൽ കുഴികളെടുത്ത് വൃ ക്ഷത്തൈകൾ നടണം. മണ്ണൊലിപ്പും ഉപ രിതല ജലവാർച്ചയും തടയണം.

■ *ജൈവകൃഷിയെക്കുറിച്ച്?*

കേരളം ജൈവകൃഷിക്ക് യോജിച്ച പരിസ്ഥിതിയുള്ള സംസ്ഥാനമാണ്. നമ്മു ടെ ചുറ്റുപാടുകളിൽനിന്ന് ലഭിക്കുന്ന പ്ര കൃതിവളങ്ങൾ ഉപയോഗിച്ച് നമുക്ക് കൃ ഷി ചെയ്യാനാകും. ഇന്നത്തെ കൃഷി ഭൂരി ഭാഗവും രാസവളങ്ങളും കീടനാശിനിക ളും ഉപയോഗിച്ചാണ് നടക്കുന്നത്. ഏറെ അപകടകരമാണിത്.

ഇന്ന് നാം കഴിക്കുന്ന ഭക്ഷണ പ ദാർഥങ്ങൾ വിഷമയമാണ്. തമിഴ്നാട്ടിൽ നിന്നും മറ്റും വരുന്ന ഉൽപന്നങ്ങൾ മാര കവിഷങ്ങളടങ്ങിയതാണ്. അവ കഴിച്ചി ട്ടാണ് നമ്മുടെ നാട്ടിൽ കാൻസർ ഇത്ര യധികം വർധിച്ചത്. ഒട്ടും സംശയമില്ലാ ത്ത കാര്യമാണിത്. എന്നാൽ നമ്മുടെ സൗകര്യങ്ങൾ ഫലപ്രദമായി പ്രയോഗിച്ച് ജൈവകൃഷി വിജയകരമായി നടത്താനാ കും. വട്ടംകുളം പഞ്ചായത്തിൽ കാർഷി ക ഉദ്യോഗസ്ഥനായ ജബ്ബാറിന്റെ നേതൃ ത്വത്തിൽ നടക്കുന്ന കൃഷി അതിന്റെ മി കച്ച ഉദാഹരണമാണ്. നിരവധി അവാർ ഡുകൾ നേടിയ ഉദ്യോഗസ്ഥനാണ് അദ്ദേ ഹം. അവരുടെ ഉൽപന്നങ്ങൾ വിൽ ക്കാൻ സ്വന്തമായി ഒരു Sunday Market അവർ നടത്തുന്നുണ്ട്. ദൂരസ്ഥലങ്ങളിൽ നിന്നുപോലും അങ്ങോട്ട് ആളുകൾ വരു ന്നുണ്ട്. ഇത്തരം സംരംഭങ്ങൾ വ്യാപക മാകേണ്ടതുണ്ട്. ജൈവവളങ്ങൾ ഉപയോ ഗിക്കുന്നതിന് നാം ഊന്നൽ കൊടുക്ക ണം. രാസവളങ്ങളുടെ ഉപയോഗം കഴി യുന്നത്ര കുറക്കുകയോ, സാധ്യമെങ്കിൽ ഉപേക്ഷിക്കുകയോ ചെയ്യണം. കേരളം ഏറ്റവുമധികം ജനസാന്ദ്രതയുള്ള പ്രദേ ശമാണ്. രാസവളങ്ങൾ ഉപയോഗിച്ചുള്ള കൃഷിയും കീടനാശിനികളുടെ ഉപയോ ഗവും നമുക്ക് ദോഷം ചെയ്യും. തമിഴ്നാ ട്ടിലെ മുന്തിരി കൃഷി ധാരാളം വിഷം ഉപ യോഗിച്ചാണ് ചെയ്യുന്നത്. കാബേജിലും കോളിഫ്ളവറിലും വിഷമുണ്ട്. ഇതാണ് നാം തിന്നുകൊണ്ടിരിക്കുന്നത്. പിന്നെ എങ്ങനെയാണ് നമുക്ക് രോഗങ്ങളില്ലാ താവുക? യഥാർഥത്തിൽ, എത്രയോ ബാ ക്ടീരിയകളും രോഗാണുക്കളുമുള്ളതാ ണ് ഈ പ്രകൃതി. പക്ഷേ, മനുഷ്യശരീര ത്തിൽ പ്രകൃത്യാ അവയെ അതിജീവി ക്കാനും ആരോഗ്യം നിലനിർത്താനുമു ള്ള സംവിധാനം അല്ലാഹു ഒരുക്കിയിട്ടു

ണ്ട്. പക്ഷേ, മനുഷ്യൻ ഈ പ്രകൃതിയെ വിഷമയമാക്കുകയാണ്. ഇതൊഴിവാക്കുകയാണ് ജൈവകൃഷിയിലൂടെ നാം ചെയ്യുന്നത്.

ജൈവവസ്തുക്കൾ മാത്രം ഉപയോഗിച്ച് കൃഷിചെയ്യുന്നത് കൊണ്ട് ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിലും രുചിയിലും വർധനവുണ്ടാകും, കേടുകൂടാതെ ദീർഘകാലം സൂക്ഷിക്കുകയും ചെയ്യാം. രാസവളമിട്ടുണ്ടാക്കിയ കുമ്പളം 3-4 ദിവസങ്ങൾക്കകം ചീഞ്ഞുപോകും. എന്നാൽ ജൈവകൃഷിയാണെങ്കിൽ മാസങ്ങളോളം കേടുകൂടാതിരിക്കും. മുമ്പുകാലത്തൊക്കെ ഈ വർഷം ഉണ്ടാക്കിയ ഉൽപന്നങ്ങൾ അടുത്തവർഷം വരെ കേടുകൂടാതിരിക്കുമായിരുന്നു. ഇന്നതില്ല. പിന്നെ ടെയ്സ്റ്റ്. അതിനെക്കുറിച്ച് ഇന്നാരും പറയുന്നില്ല.

■ *രാസവളങ്ങൾ എങ്ങനെയാണ് മണ്ണിനും ഉൽപന്നങ്ങൾക്കും ദോഷം വരുത്തുന്നത്?*

രാസവളങ്ങൾ ചേർക്കുന്നതോടെ മണ്ണിലുള്ള എല്ലാ സൂക്ഷ്മജീവികളും ചാകും. അതോടെ മണ്ണ് നിർജീവമായി. മണ്ണിന്റെ ഉൽപാദനക്ഷമത വലിയ തോതിൽ കുറയും. രാസവളത്തിന്റെ ഏറ്റവും വലിയ അപകടം അതാണ്. ഒരു സ്ഥലത്ത് അര കിലോ രാസവളം ഇട്ടാൽ അതോടെ ആ മണ്ണ് നശിക്കുന്നു. 48 മണിക്കൂർ ആ വളം അവിടെ നിൽക്കും. പിന്നെ ഒന്നും ലഭിക്കുകയില്ല. മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുന്നത് മണ്ണിലെ സൂക്ഷ്മാണുക്കളാണ്.

നാം കാട്ടിലേക്ക് പോയി നോക്കുക. അവിടെ എന്തെല്ലാം മരങ്ങളും ചെടികളും വളരുന്നുണ്ട്. ആരും അവക്ക് വളം ചേർക്കുന്നില്ല, കീടനാശിനികൾ അടിക്കുന്നില്ല. എന്നിട്ടും കാട് പച്ചപിടിച്ചു നിൽക്കുന്നു. സൂക്ഷ്മാണുക്കൾ നശിപ്പിക്കപ്പെടാതിരിക്കുകയും മണ്ണിന്റെ ജൈവികത നിലനിൽക്കുകയും ചെയ്യുന്നതുകൊണ്ടാണത്. ഇതിൽനിന്ന് നമുക്ക് ഒരുപാട് പഠിക്കാനുണ്ട്. എല്ലാതരം രോഗങ്ങളെയും പ്രതിരോധിക്കാനുള്ള സൂക്ഷ്മാണുക്കൾ മണ്ണിലുണ്ട്. അത് അല്ലാഹുവിന്റെ സൃഷ്ടിപ്പിന്റെ അത്ഭുതമാണ്. പക്ഷേ, ഈ മണ്ണിൽ മിശ്രവളം ഇടുന്നതോടെ ആ സൂക്ഷ്മാണുക്കൾ നശിക്കുകയാണ്.

■ *കീടനാശിനികൾ നിശ്ശബ്ദ കൊലയാളിയാണെന്ന് പറയാം. ഉദാഹരണമായി ഫ്യൂറഡാൻ നാം കഴിക്കില്ല. പക്ഷേ, അതുപയോഗിച്ചുണ്ടാക്കിയ പച്ചക്കറികളും പഴങ്ങളും നാം തിന്നുന്നു.*

വളരെ ശരിയാണിത്. നാം വിഷമെന്നും അപകടകരമെന്നും കരുതുന്ന പലതും പഴങ്ങളായി/പഴങ്ങളാക്കി നാം ഭക്ഷിക്കുന്നു. ഫ്യൂറഡാൻ പലരും ആത്മഹത്യ ചെയ്യാനാണ് ഉപയോഗിക്കാറുള്ളത്. അതുപയോഗിച്ചുണ്ടാക്കിയ കാർഷികോൽപന്നങ്ങൽ കഴിക്കുകവഴി നാം ആത്മഹത്യ ചെയ്യുന്നതുപോലെത്തന്നെയാണ്.

■ *കാലവർഷം തുടങ്ങുമ്പോൾ ഭൂമി കിളച്ചിടുന്ന സമ്പ്രദായമുണ്ട്. ഇതു വേണ്ടതില്ല എന്നും അഭിപ്രായമുണ്ടല്ലോ?*

ഞങ്ങൾ വളരെ ഊന്നിപ്പറയുന്ന ഒരു കാര്യമാണ് കൊത്തും കിളയും വേണ്ടതില്ല എന്നത്. പക്ഷേ ആരും അത് കേൾക്കില്ല. മഹാഭൂരിപക്ഷം ആളുകളും പറമ്പ് കിളച്ചിടുന്നവരാണ്. കൊത്തും കിളയും മണ്ണിന് ദോഷം ചെയ്യും. മേൽമണ്ണായിരിക്കും ഏറ്റവും നല്ലത്. ഇത് കിളച്ചിടുന്നതോടെ ആദ്യത്തെ രണ്ടോ മൂന്നോ മഴക്ക് അതെല്ലാം ഒലിച്ചുപോകും. അതിലെ ബാക്ടീരിയകളും ഞാഞ്ഞൂലുകളും നശിച്ചുപോകാനും അത് ഇടവരുത്തും. അങ്ങനെ മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടും. ചരൽക്കല്ലുകൾ മാത്രം ബാക്കിയാവും. ഓരോ വർഷവും ഇതാവർത്തിക്കുന്നതിലൂടെ വലിയ നഷ്ടമാണ് സംഭവിക്കുന്നത്. നീണ്ട വർഷങ്ങളിലെ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ പറയുന്നത്; കൊത്തും കിളയും വേണ്ടതില്ല, ജൈവ വസ്തുക്കൾ ഭൂമിയിലിട്ടാൽ മണ്ണ് ഫലഭൂയിഷ്ഠതയുള്ളതാകും എന്നാണ്. പുല്ലുവളർന്നാൽ അത് പറിച്ച് മണ്ണിൽ തന്നെ ഇട്ടാൽ മതി. അത് ചീഞ്ഞ് വളമായിക്കൊള്ളും. ഞങ്ങളൊന്നും തീരെ കൊത്തും കിളയും ചെയ്യാത്തവരാണ്. പൊതു സമൂഹത്തിന്റെ മനസ്സ് പക്ഷേ, ഇതനുവദിക്കില്ല. ഇത്തരം വിഷയങ്ങൾ കൃഷിക്കാരിലേക്ക് എത്തേണ്ടതുണ്ട്.

■ *അന്തകവിത്തിനെക്കുറിച്ച്?*

ജനറ്റിക് കൺട്രോളുള്ള വിത്താണ് അന്തകവിത്ത് - Terminater gene. ഒരു തവണ മാത്രമേ ആ വിത്ത് ഉപയോഗിക്കാൻ കഴിയൂ. രണ്ടാം ഘട്ടത്തിൽ അത് മുളക്കില്ല. അതിന് ദോഷങ്ങളുണ്ടെന്ന് അഭിപ്രായമുള്ളവരുണ്ട്. ശാരീരിക രോഗങ്ങൾക്ക് അത് കാരണമാകും എന്നും പറയുന്നുണ്ട്. ഏതായാലും അത് ഗുണകരമല്ല. നല്ല വിളവ് കിട്ടുന്നുവെന്ന കാരണത്താൽ ആളുകൾ അത് ഉപയോഗിക്കുന്നുണ്ട്.

ഇതിനുപിന്നിൽ സാമ്രാജ്യത്വ ഇടപെടലുകളുണ്ട്. ബി.ടി ജീൻ ഉദാഹരണമാണ്. 1980-ൽ മൊൺസാന്റോ എന്ന അമേരിക്കൻ കമ്പനി പരുത്തിയെ ബാധിക്കുന്ന ബോൾവേം എന്ന കീടത്തെ തടയാനായി ബി.ടി വരുത്തി. പക്ഷേ, ഇവിടത്തെ പരിസ്ഥിതിക്ക് ചേരാത്ത വിത്തിനമായതിനാലും, വില വളരെ കൂടുതലായതിനാലും കർഷകർക്ക് പ്രതീക്ഷിച്ച ഫലം കിട്ടിയില്ല.

■ *വിയറ്റ്നാമിലെ അനുഭവങ്ങൾ?*

പാരമ്പര്യമായി ബുദ്ധമതം പിന്തുടരുന്ന വിയറ്റ്നാം, കമ്യൂണിസ്റ്റ് രാഷ്ട്രമാണ്. കമ്യൂണിസം പേരിലേ ഉള്ളൂ. റഷ്യയുടെ അനുഭവങ്ങൾ കണ്ട് അവരതിലെല്ലാം ഒരുപാട് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സാമ്പത്തികരംഗത്തും അവർ ജനങ്ങൾക്ക് സ്വാതന്ത്ര്യം നൽകി. ഭൂമി ഗവൺമെന്റ് ഉടമസ്ഥതയിലായിരുന്നു. മെക്കാൺ ഡെൽറ്റ ഏഴുലക്ഷം ഹെക്ടർ വരുന്ന കൃഷിഭൂമിയാണ്. ലോകത്തിലെ മൂന്നാമത്തെ നെല്ലുൽപാദന കേന്ദ്രമാണത്. നെല്ലും തെങ്ങും മത്സ്യവും എല്ലാം അവിടെയുണ്ട്. മെക്കാൺ ഡെൽറ്റയിൽ ചില പ്രശ്നങ്ങളുണ്ടായപ്പോൾ അവർ ഭൂമി ജനങ്ങൾക്ക് വിട്ടുകൊടുത്തു. ഗവൺമെന്റിനെ ആശ്രയിക്കാതെയാണ് ജനങ്ങൾ ജീവിക്കുന്നത്.

തലസ്ഥാനമായ ഹനോയിൽനിന്ന് ഇസ്‌ലാമിനെ അവർ തുടച്ചുനീക്കിയിരിക്കുന്നു. ബോധപൂർവം ചെയ്തതാണത്. അവിടെ പള്ളികളോ ഇസ്‌ലാമിക കേന്ദ്രങ്ങളോ ഇല്ല. രണ്ടാമത്തെ വലിയ പട്ടണമാണ് ഹോച്മിൻ സിറ്റി. അവിടെ തമിഴ്നാട്ടുകാരായ കുറച്ച് മുസ്‌ലിംകൾ ഉണ്ടായിരുന്നു. ഇവിടെ 5-6 പള്ളികളുണ്ട്. മൊത്തത്തിൽ ഇസ്‌ലാം ക്ഷീണിതമായ അവസ്ഥയിലാണവിടെ. മുസ്‌ലിംകൾ വ്യത്യസ്തമായ വേഷവിധാനമൊന്നും സ്വീകരിക്കുന്നില്ല. പർദ ധരിക്കുന്നതും കണ്ടിട്ടില്ല. ആണും പെണ്ണുമെല്ലാം പാന്റാണ് ഉപയോഗിക്കുക.

ഒരു രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി ഒരു ജനത അത്യധ്വാനം ചെയ്യുന്നതിന്റെ മികച്ച ഉദാഹരണമാണ് വിയറ്റ്നാം. ഞാനവിടെ പോകുമ്പോൾ 15,000 ടൺ കശുവണ്ടിയാണവർ ഉൽപാദിപ്പിച്ചിരുന്നത്. ഇപ്പോൾ ഒരുലക്ഷത്തി എഴുപതിനായിരം ടൺ ആണ് അവരുടെ കശുവണ്ടി ഉൽപാദനം. കുരുമുളക് കൃഷിയിലും അവർ വളരെ മുമ്പിലാണ്. നമുക്ക് വലിയ വെല്ലുവിളിയാണ് ഈ രംഗത്ത് അവർ. 'അരിമണി തിന്നിട്ടാണ് ഞങ്ങൾ അമേരിക്കയോട് യുദ്ധം ചെയ്തത്' എന്ന് അവർ പറയാറുണ്ട്. അവരുടെ ടണലുകളും മറ്റും കാണുമ്പോൾ അത്ഭുതം തോന്നുന്നു. അമേരിക്ക എത്ര ബോംബിട്ടിട്ടും അത് നശിച്ചില്ല. അവസാനം അമേരിക്കക്ക് മുട്ടുമടക്കേണ്ടിവന്നു. അത്രയും സംഘടിതരാണവർ.

■ *മുസ്‌ലിംകൾ കാർഷികരംഗത്ത് പിന്നിലാണല്ലോ?*

ആദ്യകാലത്ത് മുസ്‌ലിംകൾ കൃഷിയിൽ പിന്നിലായിരുന്നില്ല. എന്നാൽ, കച്ചവടത്തിലാണ് പലരും കൂടുതൽ ശ്രദ്ധ പുലർത്തിയത്. സമീപകാലത്ത് ഗൾഫ് സ്വപ്നം മുസ്‌ലിംകളെയാണ് കൂടുതൽ സ്വാധീനിച്ചത്. അതുകൊണ്ട് കൃഷിയിൽ മുസ്‌ലിംകൾ പിന്നാക്കം പോയി എന്നുപറയാം. ക്രൈസ്തവർ പൊതുവെ കൃഷിയിൽ മുന്നിട്ടുനിൽക്കുന്നുണ്ട് എന്ന് തോന്നുന്നു. നബി(സ) പ്രാധാന്യപൂർവം ഈ

ന്നിപ്പറഞ്ഞ കൃഷിയിൽ നാം നല്ല ശ്രദ്ധ വെക്കേണ്ടതുണ്ട്.

■ *മുസ്‌ലിം സമൂഹത്തിന്റെ പഴയകാലം?*

21-ാം നൂറ്റാണ്ടിന്റെ ഈ അവസ്ഥയിൽനിന്ന് തിരിഞ്ഞു നോക്കുമ്പോൾ വളരെയേറെ വ്യത്യസ്തമായിരുന്നു ആ കാലം. ഇന്ന് വലിയ സാമ്പത്തിക വളർച്ച നേടിയിട്ടുണ്ട്. അന്ന് പണമുണ്ടായിരുന്നില്ല, ജീവിതമാർഗങ്ങൾ കുറവായിരുന്നു. ചെറിയ ചെറിയ ജോലികളും കൃഷിയുമാണുണ്ടായിരുന്നത്. ജോലിചെയ്യാൻ ആളുകളുണ്ടായിരുന്നു. കൃഷിപ്പണിക്കൊക്കെ ധാരാളം പേർ അന്വേഷിച്ചു വരുമായിരുന്നു. നെല്ല് കൊയ്യാൻവന്നാൽ പത്തിലൊന്ന് കൂലികൊടുത്താൽ മതി. വലിയ ദാരിദ്ര്യമുള്ള കാലമായിരുന്നു. മുഴുപ്പട്ടിണിയിലായിരുന്നു പലരും. ജീവൻ നിലനിർത്തുകയായിരുന്നു ലക്ഷ്യം.

ഇന്നിപ്പോൾ സമൂഹം വലിയ പുരോഗതി നേടിയിട്ടുണ്ട്. മുമ്പ് കാലത്ത് സങ്കൽപിക്കാൻപോലും കഴിയാത്ത അറിവുകളും നേട്ടങ്ങളുമാണ് അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്നത്. ഇതെല്ലാം കാണുമ്പോൾ ലോകം അവസാനിക്കാറായി എന്നു തോന്നും. മനുഷ്യന് ചിന്തിക്കാൻ കഴിയുന്നതിനുമപ്പുറത്തേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാവുന്നതൊക്കെ ഇവിടെ പൂർത്തിയായിരിക്കുന്നു. പഴയ കാലത്തോട് തുലനം ചെയ്യാൻ കഴിയാത്തത്ര അന്തരമുള്ള അറിവാണ് ഇന്ന് മനുഷ്യൻ കണ്ടുപിടിച്ചിട്ടുള്ളത്. മൂന്നുനാല് നൂറ്റാണ്ടുകൾകൊണ്ട് നേടേണ്ടതാണ് 30-40 വർഷങ്ങൾകൊണ്ട് മനുഷ്യൻ കരസ്ഥമാക്കിയത്. അറിവിന്റെ അവസാനമെത്തിയിരിക്കുന്നു. ലോകാവസാനം സംഭവിക്കുന്നതിന്റെ നിരവധി അലാമത്തുകൾ ഇവിടെ നമുക്ക് കാണാനാകുന്നു.

ദാരിദ്ര്യം ഏറെ ഉണ്ടായിരുന്നെങ്കിലും മുമ്പ് മുസ്‌ലിംകൾ ദീനീബോധവും ഇഖ്‌ലാസ്വും ഉള്ളവരായിരുന്നു. തിന്മയിലേക്ക് ഏറെയൊന്നും പോയിരുന്നില്ല. മദ്യപാനവും വ്യഭിചാരവും വളരെ അപൂർവമായിരുന്നു. ഇന്ന് ഭൗതിക വിഭവങ്ങളും സൗകര്യങ്ങളും വളർന്നതോടെ അതെല്ലാം മാറിയിരിക്കുന്നു. അല്ലാഹുവിനോടുള്ള അടുപ്പം കുറഞ്ഞുകുറഞ്ഞു വന്നു. കുടുംബങ്ങൾ തമ്മിലുള്ള ബന്ധവും അടുപ്പവും കുറഞ്ഞു. മുമ്പൊക്കെ വലിയ വലിയ കുടുംബങ്ങൾ ഒന്നിച്ചുതന്നെ താമസിച്ചിരുന്നു. ഇന്ന് ഓരോ വ്യക്തിയും ഓരോ കുടുംബമാണ്. സ്നേഹവും സൗഹാർദവും കുറഞ്ഞു. മതവിഭാഗങ്ങൾക്കിടയിലുള്ള മൈത്രിയും കുറഞ്ഞു. മുമ്പ് ഞങ്ങളുടെ വീടിന്റെ അടുത്ത് ഒരു അമുസ്‌ലിം കുടുംബമുണ്ടായിരുന്നു. മേനോന്മാരായിരുന്നു. അവരും ഞങ്ങളും തമ്മിൽ വളരെ അടുത്ത ബന്ധമാണുണ്ടായിരുന്നത്. പെരുന്നാളിനും ഓണത്തിനുമെല്ലാം ഞങ്ങൾ ഭക്ഷണം പരസ്പരം പങ്കുവെക്കാറുണ്ടായിരുന്നത് എനിക്കിപ്പോഴും ഓർമയുണ്ട്. മുസ്‌ലിയാക്കന്മാർ എഴുതുന്ന പിഞ്ഞാണവും ഐക്കല്ലുമൊക്കെ മുസ്‌ലിംകൾ ചികിത്സക്കുപയോഗിച്ചിരുന്ന കാലമായിരുന്നു അത്. ഇന്നതൊക്കെ മാറി. കുഗ്രാമങ്ങളിലെവിടെയെങ്കിലും ഉണ്ടാകാം. അതിൽ നല്ലൊരു മാറ്റം ഇവിടെ ഉണ്ടായിട്ടുണ്ട്.

■ *മുസ്‌ലിം സമൂഹത്തിന്റെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ എങ്ങനെ പരിഹരിക്കാം?*

മുസ്‌ലിംകൾ അടുത്തകാലത്താണ് വിദ്യാഭ്യാസത്തിൽ താൽപര്യമെടുക്കാൻ തുടങ്ങിയത്. അങ്ങനെ താൽപര്യമെടുക്കാൻ തുടങ്ങിയപ്പോൾതന്നെ, വിദ്യാഭ്യാസം ഒരു കച്ചവടവസ്തുവായി മാറിയ സാഹചര്യവും നിലനിൽക്കുന്നു. പണമുള്ളവനേ വിദ്യാഭ്യാസം ലഭിക്കൂ എന്നതാണിന്നത്തെ അവസ്ഥ. വിദ്യാഭ്യാസം നേടുന്നതു തന്നെയും പണമുണ്ടാക്കാൻ വേണ്ടിയാണെന്നു വന്നു. വിദ്യാഭ്യാസം പണമുണ്ടാക്കാനുള്ള മാർഗമല്ല. മുസ്‌ലിം സമൂഹത്തിന്റെ ചരിത്രം നാം പഠിക്കുക. 8-ാം നൂറ്റാണ്ട് മുതൽ 16-ാം നൂറ്റാണ്ട് വരെ ബഗ്ദാദും സ്പെയിനും ഉൾപ്പെടെയുള്ള മുസ്‌ലിം നാടുകളാണ് ലോകത്തിന് വെളിച്ചം പകർന്നത്. ആ കാലഘട്ടത്തിലെ മുസ്‌ലിം പണ്ഡിതരുടെയും ചിന്തകരുടെയും ഗവേഷകരുടെയും കൃതികൾ യൂറോപ്യർ ഇന്നും ഉപയോഗിക്കുന്നുണ്ട്. *അൽഖാനൂനും* മറ്റും ഇന്നും റഫർ ചെയ്യപ്പെടുന്നു. പണം ആ കാലഘട്ടത്തിലെ പഠന-ഗവേഷണങ്ങളുടെ ലക്ഷ്യമായിരുന്നില്ല. കഴിഞ്ഞ അഞ്ചു നൂറ്റാണ്ടിൽ വിദ്യാഭ്യാസരംഗത്ത് നാം പിന്നാക്കമായി. അതുപോലെ നാം അറിവിനെ ഭൗതികം, ആത്മീയം എന്നു വേർതിരിച്ചു. ഭൗതിക അറിവുകളെ മാറ്റിവെച്ചു. രണ്ടിനെയും യോജിപ്പിക്കാൻ ശ്രമിച്ചില്ല. അതോടെ ഈ ലോകത്തുനിന്ന് വിടപറഞ്ഞതുപോലെ ആയിത്തീർന്നു നാം. ജൂതന്മാരും മറ്റും നമ്മളിൽനിന്ന് എല്ലാ അറിവുകളും കവർന്നെടുത്തു. നമ്മുടെ കൃതികൾ പലതും അവർ കത്തിച്ചു. നാം ആത്മീയ വിദ്യാഭ്യാസം മാത്രം മതിയെന്നു തീരുമാനിച്ചു. ബ്രിട്ടീഷ് ഭരണം ഇവിടെ നമ്മുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയിൽ പങ്കുവഹിച്ചിട്ടുണ്ടാകാം. കാരണങ്ങൾ എന്തൊക്കെയായിരുന്നാലും നമുക്ക് നഷ്ടപ്പെട്ടത് വീണ്ടെടുത്ത് നാം മുമ്പോട്ടു പോകേണ്ടിയിരിക്കുന്നു. ഇപ്പോഴാണ് നമുക്ക് ചെറിയൊരു ചിന്ത വന്നത്. എന്നാലും കഴിഞ്ഞ 5 നൂറ്റാണ്ടുകളിലെ നഷ്ടം നികത്താൻ എളുപ്പമല്ല.

ഭൗതിക വിദ്യാഭ്യാസരംഗത്ത് മുന്നേറണമെങ്കിൽ പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി തലങ്ങളിൽ മികച്ച വിദ്യാഭ്യാസം നൽകി കുട്ടികളെ വളർത്തിയെടുക്കണം. അതിനാണ് നാം മുഖ്യശ്രദ്ധ നൽകേണ്ടത്. കുട്ടികളുടെ കാഴ്ചപ്പാടിനു കൂർമത നൽകേണ്ട, ഭാവിയെക്കുറിച്ച പ്രതീക്ഷകളും തിരിച്ചറിവുകളും ലഭിക്കേണ്ട പ്രായമാണ് ഹയർസെക്കന്ററി വരെയുള്ള പഠനകാലം. ക്രൈസ്തവ സമൂഹം വിജയിച്ചത് അതിലാണ്. മാത്രമല്ല, അവരുടെ പള്ളികളിലെ അച്ചന്മാരടക്കമുള്ള മതനേതാക്കൾ ഭൗതിക വിദ്യാഭ്യാസം നേടിയവരും ആ രംഗത്ത് നല്ല പ്രാഗത്ഭ്യമുള്ളവരുമാണ്. നമ്മുടെ മതനേതാക്കൾക്കതില്ല. അതുകൊണ്ട് ലോകത്ത് നടക്കുന്നതൊന്നും അവരറിയുന്നില്ല. ചെറിയ മാറ്റത്തിന് ശ്രമിച്ചാൽതന്നെ വലിയ വിഷമമാണ്. അവർ പറയും, 200 വർഷമായി ഞങ്ങളിങ്ങനെയാണ് പഠിപ്പിക്കുന്നത്. പിന്നെ എന്തിനാണ് മാറ്റം വരുത്തുന്നത്. മദ്റസകളിലും മറ്റും ലാഇലാഹ ഇല്ലല്ലാഹ് പഠിപ്പിക്കുന്നു. പക്ഷേ, കുട്ടികളോട് അതെന്താണെന്ന് ചോദിച്ചാൽ അവർക്കതറിയുകയില്ല. അത് കാണാതെ ചൊല്ലിയാൽ ശഹാദത്ത് കലിമയായി. ഇന്ന് മനഃപാഠം പഠിക്കുന്നതിന് യാതൊരു പ്രസക്തിയുമില്ല. പുതിയ കാലത്തിന്റെ തലമുറയുടെ നിലവാരത്തിനനുസരിച്ച് മതവിഷയങ്ങൾ പഠിപ്പിക്കണം. സയൻസ് പഠിച്ചാൽ ഒരാൾക്ക് അല്ലാഹു ഇല്ലെന്ന് പറയാനാകില്ല. കാരണം സയൻസ് അല്ലാഹുവിന്റെ സൃഷ്ടിവൈദഗ്ധ്യത്തിലേക്കാണ് വഴികാണിക്കുന്നത്/കാണിക്കേണ്ടത്. ദീനീവിദ്യാഭ്യാസം അതിൽ മനസ്സ് വ്യാപൃതമാകുന്ന, മാനസിക പരിവർത്തനം സൃഷ്ടിക്കുന്ന വിധമാകണം. കിതാബോതിയ കുറേ ആളുകളുണ്ട്. അവരും ചിന്തിക്കുന്നുണ്ടോ എന്ന് സംശയമാണ്.

bavappa@yahoo.com